# മാരകരോഗങ്ങൾ പടരുന്നു

**ടി.ഐ.ലാലു**

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഏതാണ്ട് 30-ൽപരം പുത്തൻരോഗങ്ങൾ ലക്ഷക്കണക്കിനാളുകളുടെ ആരോഗ്യത്തിനും ജീവനും ഭീഷണി ഉയർത്തിക്കൊണ്ട് ഈ ഭൂമുഖത്ത് രംഗപ്രവേശം ചെയ്തിട്ടുണ്ടെന്നാണ് ലോകാരോഗ്യസംഘടന പറയുന്നത്. പുത്തൻരോഗങ്ങളുടെ വരവ് ഇനിയും കൂടാനാണത്രേ സാധ്യത. രോഗാണുക്കൾ ദ്രുതഗതിയിൽ വളർന്നുവ്യാപിക്കുന്നത് തടയാനോ നിയന്ത്രിക്കാനോ കഴിയാതെ ലോകമെമ്പാടുമുള്ള ആരോഗ്യ നയരൂപീകരണവിദഗ്ദരും ശാസ്ത്രജ്ഞരും കുഴങ്ങുകയാണ്. ഈ പുതിയ പല രോഗങ്ങൾക്കും മരുന്നോ ചികിത്സയോ ഇല്ലയെന്നതാണ് ഏറ്റവും ഖേദകരമായകാര്യം.

പുതിയ രോഗങ്ങളിൽ ഏറ്റവും പ്രശസ്തൻ എയ്ഡ്സ് രോഗംതന്നെ. 1980 കളിൽ പ്രത്യക്ഷപ്പെട്ട ഈ രോഗം, 2000മാണ്ടോടെ നാലുകോടിപേരെ ബാധിക്കുമെന്നാണ് കണക്ക്. പുതിയ ഭാവത്തിലും രൂപത്തിലും ഒട്ടേറെയിനം മാരകങ്ങളായ പനികളും ഇക്കാലയളവിൽ ദുരിതം വിതച്ചിട്ടുണ്ട്. ഡെങ്കിപനി, എലിപനി തുടങ്ങിയ രോഗങ്ങൾ ഇന്ത്യയിലും ഏറെപേരുടെ ജീവനപഹരിച്ചിട്ടുണ്ട്. 1993ൽ അമേരിക്കയിൽ കാണപ്പെട്ട ഹന്റവൈറസ് സിൻഡ്രോം എന്ന ഒരു തരം ശ്വാസകോശരോഗം ഏറെപേരുടെ മരണത്തിന് കാരണമായി. ഈ രോഗം ബാധിച്ചവരിൽ 50% പേരും മരിക്കുമെന്ന അവസ്ഥയാണ്. കനഡ, അർജന്റീന, ബ്രസീൽ, പരാഗ്വെ തുടങ്ങിയ രാഷ്ട്രങ്ങളിലും ഈ രോഗം പടരുകയുണ്ടായി. വിബ്രിയോ കോളറ 1038 എന്ന രോഗം 1992-ൽ ഇന്ത്യയിൽ കാണപ്പെടുകയും കിഴക്കനേഷ്യൻ രാജ്യങ്ങളിലും പടിഞ്ഞാറൻ ചൈനയിലും വ്യാപിക്കുകയുമുണ്ടായി. ഒട്ടേറെ ഭക്ഷ്യജന്യ - ജലജന്യ രോഗങ്ങൾ ദരിദ്ര-ധനിക വ്യത്യാസമില്ലാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നാശംവിതച്ചിട്ടുണ്ട്. ആഗോളതലത്തിൽതന്നെ പകർച്ചപനിയുടെ ഭീഷണി ഏറിവരികയാണ്. 20 വർഷം കൂടുമ്പോൾ ഈ പകർച്ചപനിയുടെ വൈറസുകൾ രൂപമാറ്റം പ്രാപിക്കുന്ന പതിവുണ്ടത്രേ. ഈ രൂപമാറ്റം അധികം താമസിയാതെ ഉണ്ടാകുമെന്നാണ് ഭയപ്പെടുന്നത്.

ഇത്തരത്തിലുള്ള പുത്തൻ രോഗ

ശേഷം 5-ാം പേജിൽ

# രോഗങ്ങൾ പടരുന്നു

ഒന്നാം പേജ് തുടർച്ച

ങ്ങളുടെ വരവിനുകാരണം മനുഷ്യരുടെ ചെയ്തികൾ തന്നെയാണ്. വൃത്തിഹീനങ്ങളായ പരിസരം, ശുദ്ധജലത്തിന്റെ അഭാവം, ശുചീകരണ സജ്ജീകരണങ്ങളുടെ കുറവ് തുടങ്ങിയതെല്ലാം പുത്തൻ രോഗങ്ങളുടെ വരവിനു കാരണമാണ്. സാമ്പത്തിക പ്രതിസന്ധികൾ കാരണം കൂടുതലാളുകൾ ദാരിദ്ര്യത്തിലേക്ക് വഴുതിവീഴുന്നതുകാരണം വേണ്ടരീതിയിൽ ആരോഗ്യം സംരക്ഷിക്കുവാൻ പലർക്കും ഇന്നും കഴിയുന്നില്ല. ഐ.എം.എഫ്, ലോകബാങ്ക് മുതലായ അന്താരാഷ്ട്ര സാമ്പത്തിക രാക്ഷസന്മാരുടെ താളത്തിനൊത്ത് തുള്ളിയ പല മൂന്നാം ലോകരാഷ്ട്രങ്ങൾക്കും തങ്ങളുടെ ആരോഗ്യബജറ്റ് വെട്ടിച്ചുരുക്കേണ്ടിവന്നു. അതോടെ രോഗപ്രതിരോധചികിത്സകളെല്ലാംതന്നെ അട്ടിമറിക്കപ്പെട്ടു. ഇതിനുപുറമെ ആരോഗ്യമേഖല സ്വകാര്യവൽക്കരിച്ചതും പ്രശ്നമായി. ഇതോടെ ആരോഗ്യസംരക്ഷണം വെറും വഴിപാടുമാത്രമായി. രോഗങ്ങൾ സംഹാരതാണ്ഡവമാടുവാൻ ഇതിൽപരം എന്തുവേണം. ടൂറിസം, ടിൻഫുഡുകളുടെ വരവ് തുടങ്ങിയവയെല്ലാം രോഗാണുക്കളെ ഒരു രാഷ്ട്രത്തിൽനിന്നും മറ്റൊരു രാഷ്ട്രത്തിലേക്ക് ശീഘ്രം വ്യാപിക്കുന്നതിൽ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. പുത്തൻ ആഹാരരീതികളും രോഗാതുരത വളർത്തുന്നതിന് സഹായിക്കുന്നുണ്ട്. ജനിതക രൂപാന്തരണം വരുത്തിയ ഭക്ഷ്യവസ്തുക്കൾ പ്രചാരം നേടുന്നതോടെ പുത്തൻ രോഗങ്ങളുടെ ഘോഷയാത്രതന്നെയായിരിക്കും ഉണ്ടാവുക. ഇതിനുപുറമെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടാവുന്ന ശക്തിപരീക്ഷണങ്ങളും യുദ്ധങ്ങളും ഇതിന്റെ ഭാഗമായി ഉണ്ടാകുന്ന അണുപരീക്ഷണങ്ങളും പുത്തൻരോഗങ്ങളുടെ വരവിന് കാരണമാണ്. ഇത്തരത്തിലുള്ള മനുഷ്യരുടെ ആർത്തി പിടിച്ച പ്രവർത്തനങ്ങൾ കാരണം നമ്മുടെ അന്തരീക്ഷത്തിനുണ്ടാകുന്ന ആഘാതങ്ങൾ ചെറുതല്ല. അത്യുഷ്ണം കാരണം ഈ വർഷമാദ്യം സുഡാനിൽ മെനിഞ്ചൈറ്റിസ് എന്ന മസ്തിഷ്കവീക്കം ബാധിച്ച് 140 പേരാണ് മരിച്ചത്. ഇതിനുപുറമെ മലമ്പനിയും പടർന്നുപിടിച്ചു. ഇതിന്റെ വൻചികിത്സാചെലവ് ഇവിടത്തെ ജനങ്ങൾക്ക് താങ്ങാവുന്നതിലേറെയായിരുന്നു. മലമ്പനിയുടെ ഒരു കോഴ്സ് മരുന്നിന് 8.5 ഡോളറാണ്. ഇവിടത്തെ ഒരു ക്ലാർക്കിന്റെ ഒരുമാസത്തെ ശമ്പളത്തിന് തുല്യമാണ് ഈ സംഖ്യ.

ഇതിനൊക്കെ പുറമെ ഭൂമുഖത്തുനിന്നും പൂർണമായി തുടച്ചുമാറ്റിയെന്ന് അവകാശപ്പെട്ടിരുന്ന പല രോഗങ്ങളും തിരിച്ചുവരുന്നുണ്ട്. 23 വർഷം മുമ്പ് സൂറത്തിലും മറ്റും പടർന്നുപിടിച്ച പ്ലേഗുതന്നെ ഉദാഹരണം. ഇത്തരം രോഗങ്ങളെ പഴയകാലത്തെ മരുന്നുകൾ കൊണ്ടൊന്നും ചികിത്സിച്ച് ഭേദമാക്കാൻ ഇന്ന് പറ്റില്ല. ഈ രോഗങ്ങൾ പരത്തുന്ന രോഗാണുക്കളെല്ലാം തന്നെ പഴയ മരുന്നുകളെ അതിജീവിക്കുന്നവയാണ്. ആയതുകൊണ്ട് ഈ പഴയ രോഗങ്ങൾ ചികിത്സിക്കാൻ പുതിയ മരുന്നുകൾവേണം. ഈ മരുന്നുകളെല്ലാംതന്നെ ഭീമൻ ഔഷധക്കുത്തകകളുടെ കൈപിടിയിലാണ്. പേറ്റന്റ് രാജിന്റെ ഫലമായി അടുത്ത 20 കൊല്ലക്കാലത്തേക്ക് ഇവരുടെ കുത്തകയാണിത്. ഫലമോ കൂടിയോ വിലക്ക് ഈ മരുന്നുകൾ വാങ്ങിക്കേണ്ട ഗതികേടിലാണ് ജനങ്ങൾ. എല്ലാംകൊണ്ടും അനാരോഗ്യകരമായ നൂറ്റാണ്ടാണ് പിറക്കാൻ പോകുന്നത്.

പുതിയ രോഗങ്ങളും പഴയ രോഗങ്ങളും ജനങ്ങളെ പൊറുതിമുട്ടിക്കുമ്പോൾ, 2000മാണ്ടോടെ എല്ലാവർക്കും ആരോഗ്യമെന്ന ലക്ഷ്യം എങ്ങനെയാണ് സാധിക്കുക?